MR. CHAZHIKKATTU JOSEPH : സർ, ഒരു കർഷകൻ അവന്റെ പുരയിടത്തിൽ ആണ്ടിൽ ഒരിക്കൽ കള എടുക്കുകയും, കാടുവെട്ടുകയും പതിവുണ്ട്. അതുപോലെതന്നെ, തിരുവിതാംകൂറിലെ ഓരോ ഡിപ്പാർട്ടുമെൻറിലും ഉള്ള കള എടുക്കുന്നതിനും കാടുവെട്ടുന്നതിനുമുള്ള ഒരു അവസരമാണു് ഈ ബഡ്ജറ്റു സമ്മേളനം. പോലീസുഡിപ്പാർട്ടുമെൻറിൽ ഇപ്പോഴും രണ്ടുകൊല്ലത്തെ കളയും കാടും വർദ്ധിച്ചിരിക്കുകയാണു്. കഴിഞ്ഞകൊല്ലം പോലീസുഡിപ്പാർട്ടുമെൻറിനെപ്പറ്റി ഈ സഭയിൽ വിമർശനമുണ്ടായില്ല. സർവകലാശാലയിൽ. ചാൻസലർ, വൈസ് ചാൻസലർ, പ്രൊവൈസ് ചാൻസലർ എന്നിവരെല്ലാം ഉള്ളതുപോലെ പോലീസുഡിപ്പാർട്ടുമെറിന്റെ ഭരണത്തിനു്, ഇൻസ്പെക്ടർജനറൽ, ഡെപ്യൂട്ടിഇൻസ്പെക്ടർജനറൽ അസിസ്റ്റൻറുഇൻസ്പെക്ടർ തുടങ്ങിയ പല ഉദ്യോഗസ്ഥന്മാരുമുണ്ടു്. ഈ ഉദ്യോഗസ്ഥന്മാരെല്ലാം ഉണ്ടായിരിക്കുന്നതു പോലീസുഡിപ്പാർട്ടുമെൻറിലെ ഭരണം ഭംഗിയായി നിർവഹിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കണം. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണം എത്രമാത്രം സ്തുത്യർഹമായിട്ടുണ്ടെന്നു നോക്കാം. ഫ ഫ ഠ-ൽ ഇൻസ്പെക്ടർ ജനറൽ എത്ര പോലീസ്സ്റ്റേഷൻ പരിശോധിച്ചിട്ടുണ്ടു് എന്നു ഞാൻ ചോദിച്ച ചോദ്യത്തിനു് നൂറു സ്റ്റേഷൻസ് ഉള്ളതിൽ ഫ ഠ എണ്ണം മാത്രമേ പരിശോധിച്ചിട്ടുള്ളു എന്ന ഒരു മറുപടിയാണു് എനിക്കു ലഭിച്ചതു്.

MR. S. PARTHASARATHI AIYENGAR : Sir, the question of inspection and visits have been made not clear. 'Inspection' relates to routine work while 'Visits' take place when we see something happening in particular or when we want to do some particular police work.

I have visited all the stations except Munambom and Udumbanchola. It is true that I have inspected only ten stations. But my duties are more administrative and it may not be possible for me to inspect all the stations.

MR. S. SANKARANARAYANAN TAMPI : Sir, on apoint of order. Is a member of the Treasury Bench entitled to answer when another member is making his statement ?

PRESIDENT : He is entitled to answer just as any other member. Supposing Mr. Joseph had not yielded his place, then the Inspector-General could not have made that statement : but Mr. Joseph yielded. No member of the Treasury Bench has less rights than other members.

MR. S. SANKARANARAYANAN TAMPI : I wanted to know whether his freedom is not limited to putting questions ?

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: Order, order. He makes a statement arising out of a particular statement made by Mr. Joseph. If you say that he may wait till the honourable member has finished, then obviously serious difficulties may arise. Honourable members have been asked to put questions to other members, and if they are limited to asking questions, then the other honourable members may forget what questions were asked. So answers have necessarily to be allowed; and it is allowed as a matter of convention.

MR. CHAZHIKKATTU JOSEPH: എന്റെ ചോദ്യം ഇൻസ്പെക്ടർജനറൽ എത്ര പോലീസ്സ്റ്റേഷൻ പരിശോധിച്ചിട്ടുണ്ട് എന്നാണ്. അതിനു എനിക്കു തന്നിരിക്കുന്ന മറുപടിയിൽ കാണുന്നതു് അതെ സ്റ്റേഷൻ ഉള്ളതിൽ ൫൦ എണ്ണം മാത്രമേ പരിശോധിച്ചിട്ടുള്ളു എന്നാണു. പോലീസ് ഡിപ്പാർട്ടുമെൻറിലുള്ള സ്റ്റേഷൻസ് പരിശോധിക്കുവാൻ അധികാരമുള്ള ഈ മൂന്നു ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നിട്ടും, പോലീസ്ഡിപ്പാർട്ടുമെൻറിലെ മുഴുവൻ സ്റ്റേഷനുകളും പരിശോധിക്കുവാൻ സാധിച്ചില്ല എന്നറിയുന്നതു് ഏറ്റവും പരിതാപകരമായിട്ടുള്ള ഒരു സംഗതിയാണു. ഇൻസ്പെക്ടർജനറൽ, ഡി. ഐ. ജി, ഏ. ഐ. ജി. ഈ മൂന്നുപേർക്കുമുള്ള പ്രത്യേകജോലികൾ എന്തെല്ലാമാണെന്നു ഞാൻ ചോദ്യം ചോദിച്ചതിനു് എനിക്കു നൽകിയ മറുപടി ഇപ്രകാരമാണു്.

"The duties of the Inspector-General are mainly administrative and he is in charge of the whole Department. The Deputy Inspector-General is a deputy and assists him in his work.

The Assistant Inspector General is mainly in charge of the confidential branch working entirely under the direction of the Inspector-General."

ഇതിന്റെ അർത്ഥം പറഞ്ഞാൽ, ഒരാൾ ഒരാളാണു്, മറ്റൊരാൾ മറ്റൊരാളാണു്, മൂന്നാമൻ മൂന്നാമനാണു്, എന്നാണു്. അല്ലാതെ ഓരോരുത്തരുടെയും ജോലിയും പ്രത്യേകം പ്രത്യേകമായി കാണിച്ചിട്ടില്ല. കൂടാതെ ചോദിക്കാത്തതായ ഒരു കാര്യംകൂടി ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടു്. അതു

"The work has become heavier recently and re-distribution is under contemplation."

ഇതാണു്. അപ്പോൾ ഈ മൂന്നു ഉദ്യോഗസ്ഥന്മാർ മുകളിലിരുന്നുകൊണ്ടു താഴെയുള്ളവർക്കു കൂടുതൽ കൂടുതൽ ജോലി ഉണ്ടാക്കിക്കൊടുക്കുന്നു എന്നാണോ ഇതിന്റെ അർത്ഥം എന്നു എനിക്കു നിശ്ചയമില്ല. എന്റെ സ്നേഹിതന്മാരിൽ പലരും കാൺസ്റ്റബിൾമാരെയും, ഹെഡ്കാൺസ്റ്റബിൾമാരെയും, കുറ്റം പറയുന്നു. അതിനുമുകളിലുള്ള ഉദ്യോഗസ്ഥന്മാരെ അധികം കുറ്റം പറയുന്നില്ല എന്നു് എന്റെ സ്നേഹിതൻ മി: പി. എസ്സ്. മഹമ്മദ് പറയുന്നതു കേട്ടു.

MR. P. S. MAHOMED: ഞാൻ അങ്ങിനെ പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKKATTU JOSEPH : ഏതാണ്ടിങ്ങനെ പറഞ്ഞതായിട്ടാണ് ഞാൻ ധരിച്ചിരിക്കുന്നത്. ഈ സ്ഥിതിയിലൊക്കെയുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടായിട്ടും ഡിപ്പാർട്ടുമെൻറിലെ അഴിമതികൾ നിന്നിട്ടില്ല. ഡിപ്പാർട്ടുമെൻറിന്റെ ഭരണം ശരിയായി നടക്കുന്നില്ല. അതിനും പുറമേയാണ് മൂന്നാലു് എ. എസ്സ്. പി. മാരെ കൂടി വേണമെന്നു പറയുന്നത്. ജോലിവർദ്ധിച്ചിരിക്കുന്നതുകൊണ്ടാണ് എ. എസ്. പി. മാരെ കൂടുതലായി അനുവദിക്കണമെന്നു ഇൻസ്പെക്ടർ ജനറൽ ആവശ്യപ്പെട്ടത്. ജോലി എന്തുകൊണ്ടു വർദ്ധിച്ചു. അടുത്ത കാലത്തു ടയർ റേഷനിംഗ്, മോട്ടോർ സ്പെയർപാർട്ട്സ് മുതലായവ സംബന്ധിച്ചുള്ള ജോലികൾ കൂടി പോലീസ് ഡിപ്പാർട്ടുമെൻറിനു വിട്ടുകൊടുക്കുകയുണ്ടായി. അതു കൊണ്ടു് ഇൻസ്പെക്ടർ ജനറലിനു പോലീസ് ഡിപ്പാർട്ടുമെൻറിന്റെ ഭരണപരമായ കാര്യങ്ങൾ നോക്കുന്നതിനു വേണ്ടത്ര സമയമില്ലാതിരിക്കുന്നു. മറ്റു ഡിപ്പാർട്ടുമെൻറുകൾ നടത്തേണ്ട ജോലികൾ പോലീസ് ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിക്കുന്നതു ശരിയല്ല. എങ്കിൽ ഇത്തരം ജോലികൾ മറ്റു ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിക്കുക, അല്ലാത്തപക്ഷം അതിലേക്കു പ്രത്യേകം ഒരു ഡിപ്പാർട്ടുമെൻറു ഉണ്ടാക്കി അവരെ ഏൽപ്പിക്കുക. ഇതാണു ചെയ്യേണ്ടതു്. ഇൻസ്പെക്ടർ ജനറൽ പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പറ്റി മാത്രം നോക്കട്ടെ. കറന്റ ശമ്പളക്കാരായ പോലീസുകാരെ സ്വദേശത്തു വച്ചുകൊണ്ടിരിക്കുവാൻ പാടില്ല എന്നു കാണിച്ചുകൊണ്ടു ഇൻസ്പെക്ടർ ജനറൽ ഒരു സർക്കുലർ അയച്ചിട്ടുണ്ടെന്നു എന്റെ മറ്റൊരു ചോദ്യത്തിനു മറുപടിയായി അദ്ദേഹം പറയുകയുണ്ടായി. അതു തെറ്റാണെന്നു ഞാൻ പറയുന്നു. ആ സർക്കുലർ പോലീസുകാരെ ദ്രോഹിക്കുന്നതാണു്. അവരെ സ്വദേശത്തു വച്ചാൽ കയ്ക്കൂലിയും മൈതിയും വർദ്ധിച്ചു് സമാധാനപാലനത്തിനു ദുഷ്യം വരുത്തുമെന്നുള്ള അഭിപ്രായം ശരിയല്ല.

PRESIDENT : Order, order. It is not, I think, a question bribery or corruption alone, but the question of personal prejudice and inevitable bias in favour of one group or other in the villages and small localities.

MR. CHAZHIKKATTU JOSEPH : എന്റെ അഭിപ്രായം അതു ശരിയല്ലെന്നാണ്. സ്വദേശത്തു താമസിച്ചുകൊണ്ടു് ഒരു പോലീസുകാരൻ ജോലി ചെയ്താൽ അയാളുടെ ജ്യേഷ്ഠൻ, അമ്മാവൻ, അളിയൻ മുതലായ അനേകം ആളുകൾ അവിടെ കാണും. അവരുടെ അടുക്കൽനിന്നും കയ്ക്കൂലി വാങ്ങിക്കുവാൻ ഇടയില്ല. മാത്രമല്ല, പരിചിതരായ അനവധി ആളുകളെ അയാളുടെ പുറകുവാടുകളിൽനിന്നു മാറിക്കും. അതുകൊണ്ടു കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ശരിയായും സൂക്ഷ്മമായും ഗ്രഹിക്കുന്നതിനുള്ള സൗകര്യം വിദേശത്തുള്ളതിനേക്കാൾ സ്വദേശത്തു് അയാൾക്കു ലഭിക്കുന്നതാണു്. അതുകൊണ്ടു് ഈ സർക്കുലർ തെറ്റാണെന്നു ധൈര്യമായും ഞാൻ പറയുന്നു.

MR. M. K. NILAKANTAN : ഒരു പോലീസ് കാൺസ്റ്റബിളിനു് എന്തെങ്കിലും അനേഷിക്കുന്നതിനു ചുമതലയുണ്ടോ?

MR. CHAZHIKKATTU JOSEPH : ഈ ചോദ്യം ഇൻസ്പെക്ടർ ജനറലിനോടു ചോദിച്ചാൽ മറുപടി കിട്ടും. എന്റെ വിഭാഗം ചോദ്യത്തിനു് എനിക്കു ലഭിച്ച മറുപടി ഇങ്ങിനെയാണു്. സ്വദേശത്തു പോലീസുകാരെ വച്ചുകൊണ്ടിരുന്നാൽ അവരെ നിയന്ത്രിക്കുന്നതിനു ഇൻസ്പെക്ടറന്മാർക്കു ചിലപ്പോൾ കഴിവില്ലാതെ വന്നേക്കുമെന്നു പറയുന്നു. ഈ ഉത്തരം അത്ഭുതകരമായിരിക്കുന്നു.

MR. K. R. NARAYANAN : സ്വാധീനശക്തിയുള്ള ഒരു പോലീസുകാരൻ വിചാരിച്ചാൽ അയാളുടെ സ്വാധീനശക്തി ഉപയോഗിച്ചു് അയാളുടെ ബന്ധുക്കളുടെയും കൂട്ടുകാരുടെയും സഹായത്തോടുകൂടി ആ സ്ഥലത്തു നടക്കുന്ന ഏതെങ്കിലും അഴിമതികൾ ഇൻസ്പെക്ടരുടെ ശ്രദ്ധയിൽ കൊണ്ടുവരാതിരിക്കുകയില്ലേ?

MR. CHAZHIKKATTU JOSEPH : ഇല്ലെന്നാണു എനിക്കു തോന്നുന്നതു്. അഥവാ ഉണ്ടെന്നു കണ്ടാൽ ഉടനെ അയാളെ അവിടെനിന്നും മാറ്റേണ്ടതാണു്.

MR. K. R. NARAYANAN : ബ്രിട്ടീഷ് ഇൻഡ്യയിലും മൈസൂറിലും ഇതുപോലുള്ള നിയമങ്ങളുണ്ടെന്നു അറിയാമോ?

MR. CHAZHIKKATTU JOSEPH : അറിയാൻ പാടില്ല. പിന്നെ ഒന്നു പറയുന്നതു ഇങ്ങിനെയാണു്. "The guiding rule in the adjacent province where Inspectors are not posted in their Districts."
ഇൻസ്പെക്ടറന്മാരെ അവരുടെ സ്വദേശത്തു നിയമിക്കുകയില്ല എന്നു പറയുന്നതിൽ അർത്ഥമുണ്ടു്. അവക്കു ശമ്പളമുണ്ടു്. ഏതു സ്ഥലത്തെയ്ച്ചാലും അവിടെ മാന്യമായി ജീവിക്കുന്നതിനുള്ള കഴിവുണ്ടു്. എന്നാൽ പോലീസുകാരും അതുപോലെ അന്യസ്ഥലങ്ങളിൽ പോകണമെന്നു പറയുന്നതു നീതിയല്ല. അതു ശരിയല്ല.

MR. E. K. MADHAVAN : ഇൻസ്പെക്ടറന്മാരുടെ സ്റ്റാർട്ടിംഗ് ശമ്പളം എന്താണെന്നു മെമ്പർക്കറിയാമോ?

MR. CHAZHIKKATTU JOSEPH : അറിഞ്ഞുകൂടാ. അതുകൊണ്ടു സ്വദേശത്തു താമസിച്ചാൽ അവർ സ്വാധീനശക്തി ഉപയോഗിച്ചു് കഴ

LIBRARY ARCHIVES Kerala Legislative Assembly

പ്പുണ്ടാക്കുമെന്നും മറ്റും പറഞ്ഞു് അന്യസ്ഥലങ്ങളിലേക്കു മാറ്റുന്നതു ശരിയല്ല. പൊതുജനങ്ങൾക്കു ഉപദ്രവമുണ്ടാകുന്നു എന്നു കാൺമ്പോൾ അവരെ അവിടെനിന്നു മാറ്റുന്നതു ന്യായമാണു്. മറ്റൊന്നു് ക്രിസ്ത്യാനികളെ പൊതുവെ സംബന്ധിക്കുന്നതു സർക്കുലറിനെപ്പറ്റിയാണു്. അടുത്ത അവസരത്തിൽ ഇൻസ്പെക്ടർജനറൽ ആ സർക്കുലർ തിരുത്തുകയും പിൻവലിക്കുകയും ചെയ്തു എന്നു അറിയുന്നതിൽ അതിനെപ്പറ്റി ഇപ്പോൾ ഞാൻ ഒന്നും പറയുന്നില്ല. മേൽപ്പറഞ്ഞ കാര്യങ്ങളിൽ ഇൻസ്പെക്ടർ ജനറൽ അവർകളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

MR. T. K. NARAYANA PILLAI: Motion Nos. 281 to 286 must come next, because they deal with reduction of total grant.

PRESIDENT: As I said before, I regarded this as a cut on the total grant and I was willing to allow discussions.

MR. T. K. NARAYANA PILLAI: These motions are also for the reduction of total grant.

PRESIDENT: I will call on the honourable members concerned later.

MR. P. K. KUNJU: As I have tabled three motions, May I move all the three together?

PRESIDENT: Yes.

Motion Nos. 256, 274 & 275.

MR. P. K. KUNJU: സർ, ഞാൻ ഇവിടെ മൂന്നു ഖണ്ഡനോപക്ഷേപങ്ങളാണു് അവതരിപ്പിക്കുവാനുദ്ദേശിക്കുന്നതു്. ഒന്നു്, തിരുവിതാംകൂറിലെ പോലീസു് ഡിപ്പാർട്ടുമെൻറിലുള്ള കാൺസ്റ്റബിൾമാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം ൨൰ രൂപയായി നിജ്ഞയിക്കണമെന്നുള്ളതും മറ്റൊന്നു്.....

MR. K. R. NARAYANAN: സർ, മൂന്നുപക്ഷേപങ്ങളും ഒന്നിച്ചു് അവതരിപ്പിക്കാമോ?

PRESIDENT: He said he did so but in fact he cannot. But the position is, he is talking on the total grant. As he says that these are all the three subjects on which he wants to talk, I have allowed him to do so.

MR. P. K. KUNJU: മറ്റൊന്നു മൂന്നാംഗ്രേഡ് ഇൻസ്പെക്ടറന്മാരുടെ ശമ്പളമായ ൭൰ രൂപ അവരുടെ അക്രറിംഗ് കാലത്തു അവർക്കു നൽകേണ്ടതാണെന്നും, മൂന്നാമതു വിവിധഗ്രേഡിലുള്ള പോലീസു് ഇൻസ്പെക്ടറന്മാരുടെ ഗ്രേഡിൽ കാണുന്ന തീരെ ക്രമമല്ലാത്ത വ്യത്യസ്ഥതയെ പരിഹരിക്കണമെന്നുമാണു്.

സർ, ഈ ഡിപ്പാർട്ടുമെൻറിൽ നാലു തരത്തിലുള്ള പോലീസുകാരാണുള്ളതു്. ഒന്നു്, രണ്ടു്, മൂന്നു്, നാലു് ഇങ്ങിനെ നാലു ക്ലാസ്സുകൾ. അതിൽ ഒന്നാം ക്ലാസ്സിലുള്ളവർക്കു ശമ്പളം ൨൰ രൂപയും പിന്നീ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kunju].

ഓരോ രൂപാവീതം പറഞ്ഞു നാലാംക്ലാസ്സുകാരു ശമ്പളം ഫർ രൂപയുമാണ്. നീതിപരിപാലനത്തിനും സ്വത്തിന്റെയും ജീവന്റെയും സംരക്ഷണത്തിനും വേണ്ടി നിയുക്തമായ ഒരു ഡിപ്പാർട്ടുമെന്റിൽ സേവനമനുഷ്ഠിക്കുന്ന കീഴ്സിൽബന്ധിയായ ഒരു കാണസ്റ്റബിളിനു അവന്റെ കുടുംബത്തേയും അവനേയും സംരക്ഷിക്കുന്നതിനു ഈ ഫർ രൂപാതീരെ മതിയാകുന്നതല്ല. സർ, ഡിപ്പാർട്ടുമെന്റിന്റെ ഭരണഭിഷ്യങ്ങളെ സംബന്ധിച്ച് പല വിധത്തിലുള്ള അഭിപ്രായങ്ങളും ഇവിടെ കേൾക്കുകയുണ്ടായി. കൈക്കൂലി ഒരു വശത്തു്, മദ്യപാനം മറുവശത്തു്, ഭരണത്തിലുള്ള ദുഷ്യം മറെറാരുവശത്തു്; ഇതെല്ലാം ഇവിടെ പ്രതിപാദിക്കപ്പെട്ടുകയുണ്ടായി. പോലീസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം കീഴ്സിൽബന്ധികളിൽ കാണുന്ന അഴിമതികളും മുഴുവനും അവക്കു ലഭിക്കുന്ന ശമ്പളംകൊണ്ടു് ജീവിക്കാനുള്ള അസാദ്ധ്യതാനിമിത്തം ഉണ്ടാകുന്നതാണ്. ഉണ്ണാനും ഉടുക്കാനുമുള്ള ശമ്പളം അവനു കൊടുക്കുന്നില്ലെങ്കിൽ അവനിൽനിന്നു ആത്മാർത്ഥമായ സേവനം ആശിക്കുവാൻ ന്യായമില്ല. അവനു ഒരു കെട്ടിടത്തിൽ താമസിക്കുന്നതിനും മററാവശ്യങ്ങളും നിർവഹിക്കുന്നതിനും മതിയാകത്തക്ക ശമ്പളം കൊടുക്കുവാൻ തയ്യാറാകേണ്ടതാണ്. ഒരു ഫാക്ടറിയിൽ വേല ചെയ്യുന്ന സാമാന്യനായ ക്ലർക്കാരനപോലും ശമ്പളം മുമ്പുണ്ടായിരുന്നതിന്റെ ഫ്ര ൦–൦, ഫ ൦ ൦–൦, ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടു്. എന്നാൽ പോലീസുകാരുടെ ശമ്പളം വരദ്ധിപ്പിച്ചു കാണുന്നില്ല. കേവലം ഒരോ എഴോ രൂപ വാർ അലവൻസായി കൊടുത്തിട്ടുള്ളതു മാത്രമേയുള്ളു. ഇൻസ്പെക്ടർ ജനറൽ അവർകളുടെ ഇന്നത്തെ സർക്കുലർ അനുസരിച്ചു് മൂന്നു വർഷത്തിൽ കൂടുതൽ ഒരു പോലീസു് കാൺസ്റ്റബിളിനെ ഒരു സ്ഥലത്തു വച്ചുകൊണ്ടിരിക്കുവാൻ പാടില്ല എന്നുള്ളതു എത്രമാത്രം ശ്രേയസ്കരമായിരിക്കുമെന്നു കണ്ടതന്നെ അറിയണം. ഈ യുദ്ധപരിതസ്ഥിതിയിൽ, സാമാനങ്ങൾക്കു അമിതമായ വിലകയററം വന്നിരിക്കുന്ന ഈ അവസരത്തിൽ, ഇന്നത്തെ ശമ്പളവും വച്ചുകൊണ്ടു അന്യരിക്കിൽചെന്നു താമസിക്കുക, ഒരു സ്ഥലത്തെ താമസസൗകര്യത്തെ ഉപേക്ഷിച്ചു് പരിചയമോ സ്വാധീനശക്തിയോ ഇല്ലാത്ത മറെറാരു സ്ഥലത്തു് താമസസൗകര്യപ്പെടുത്തുക, ഈ നിലയിൽ ഈ സർക്കുലർ ശരിയായി നടപ്പിൽ വരുത്തുന്നതായാൽ ഒരു പോലീസുകാരൻ വളരെ വിഷമിക്കും. ഒന്നുകിൽ അവൻ അവന്റെ കുടുംബത്തെ ഉപേക്ഷിച്ചുപോകുകയോ അല്ലാത്തപക്ഷം സാധാരണ കണ്ടുവരുന്ന രീതിയിൽ അവൻ പോകുന്ന സ്ഥല

LIBRARY ARCHIVES Kerala Legislative Assembly

ത്തു ഒരു കുടുംബം ഉണ്ടാക്കുകയോ ചെയ്യുന്നതിൽ അവരെ കുറച്ചെടുത്തു
ന്നതു ശരിയാണൊ? അതുകൊണ്ടു് ഈ പോലീസുകാരുടെ ശമ്പളം കൂട്ടു
ന്നകാര്യത്തിൽ ഇൻസ്പെക്ടർ ജനറൽ അവർകൾ പ്രത്യേകം ശ്രദ്ധിക്കു
മെന്നു വിശ്വസിക്കുന്നു.

രണ്ടാമതായി അക്കറിംഗ് ഇൻസ്പെക്ടറന്മാരുടെ കാര്യമാണു്. ബി. എ. ക്കാരായ പലരേയും ഹെഡ് കാൺസ്റ്റബിളന്മാരായും, കാൺസ്റ്റബിളന്മാരായും റിക്രൂട്ടു ചെയ്യാറുണ്ടു്. കാലക്രമേണ അവരെ ഇൻസ്പെക്ടറന്മാരായി കയറ്റം ചെയ്യുന്നമുണ്ടു്. എന്നാൽ എട്ടും പത്തും കൊല്ലം അവർ അക്കറിംഗ് ജോലി നോക്കിവരുമ്പോൾ, വെളിയിൽ നിന്നും ഗ്രാഡുവേറ്റുകളെ ഇൻസ്പെക്ടറന്മാരായി തെരഞ്ഞെടുത്തു്, അവക്കു് ആവശ്യമായ പരിശീലനം, ഗവണ്മെൻറു ചെലവിന്മേൽ നൽകി ഇവക്കു പകരം നിയമിക്കുകയും ഇവരെ സ്ഥിരപ്പെടുത്താതെ തിരികെ തരംതാഴ്ത്തുകയും ചെയ്യുന്നതും ഡിപ്പാർട്ടുമെൻറിൽ കായ്യശേഷിയും പരിജ്ഞാനവുമുള്ള ഹെഡ് കാൺസ്റ്റബിൾമാക്കു അക്കറിംഗ് ഇൻസ്പെക്ടറായി നിയമിച്ചു ജോലി നോക്കി വരവെ അന്യായമായി കുറയ്ക്കുവേണ്ടി തിരികെ പഴയവേഷം കെട്ടിക്കുന്നതും ന്യായമായ ഒരു നടപടിയാണെന്നു എനിക്കു തോന്നുന്നില്ല. പകരം നോക്കുന്ന ഉദ്യോഗസ്ഥന്മാക്കു അവരുടെ ഉദ്യോഗജീവിതം മുഴുകാലത്തേക്കാണെന്നു വിശ്വസിക്കാൻ നിർവാഹമില്ലാതെ തുലാസുസ്ഥിതിയിൽ നിൽക്കുന്ന ഒരു പരിതസ്ഥിതി ഇതുകൊണ്ടുണ്ടാകുന്നു. ഈ ഘട്ടത്തിൽ തിരിയെ ഹെഡ് കാൺസ്റ്റബിളായി പോകേണ്ടിവരുമോ എന്നുള്ള ഭീതി ഒരു വശത്തു്, ഉള്ള സൗകര്യം പാഴിൽ കളയാതെ കിട്ടുന്നതു പിടിച്ചു എടുക്കണമെന്നുള്ള മോഹം മറുവശത്തു്, അതിൽ വച്ചുണ്ടാകാവുന്ന ഭവിഷ്യത്തു ഓർക്കുമ്പോൾ ഉളവാകുന്ന ആശങ്ക മറെറാരു വശത്തു്. ഇങ്ങനെ കൃത്യനിർവഹണകാര്യത്തിൽ ഇവർ പ്രായേണ അലസരായിത്തീരുന്നു; പരാതിക്കു വിധേയരായിത്തീരുന്നു; ജനങ്ങൾക്കു നീതികിട്ടാതെയുമാകുന്നു. ഒരു അക്കറിംഗ് ഇൻസ്പെക്ടർ ഉത്തമവിശ്വാസത്തോടുകൂടി അയാളുടെ ജോലി നിർവഹിക്കണമെങ്കിൽ അയാൾ ഉദ്യോഗത്തിൽ തൃപ്തികരമാംവണ്ണം ജോലി ചെയ്യുന്ന പക്ഷം അയാളെ സ്ഥിരപ്പെടുത്തുമെന്നുള്ള ഒരു വിശ്വാസം അയാൾക്കുണ്ടായിരിക്കണം. തെറുകൂടാതെ ചെയ്യാതെ ഒരിക്കലും അവരെ തരംതാഴ്ത്തി അയക്കരുതു്. അതുകൊണ്ടു തുടർച്ചയായി ഒരു വർഷത്തെ അക്കറിംഗ് എങ്കിലും നോക്കീട്ടുള്ള അക്കറിംഗ് ഇൻസ്പെക്ടറന്മാരെ തുടർന്നു ജോലി നോക്കാൻ അനുവദിക്കുകയും അതേ നിലയിൽ സ്ഥിരപ്പെടുത്തുകയും ചെയ്യേണ്ടതാണു. അക്കറിംഗ് ഇൻസ്പെക്ടറന്മാക്കു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kunju]

ത്തെ ഗ്രേഡിനുള്ള മുഴുവൻ ശമ്പളവും കൊടുക്കണം. ഒരു പോലീസുകാരനായ ഇൻസ്പെക്ടർക്ക് ഇപ്പോൾ കിട്ടുന്ന നാല്പതിൽപരിചാനം രൂപാ ജീവിതാവശ്യത്തിനും മാന്യതയ്ക്കും ഉദ്യോഗത്തിന്റെ അന്തസ്സു പാലിക്കാനും തീരെ മതിയാകുന്നതല്ല. ആവശ്യത്തിന്റെ പേരിൽ അവിടെയും അഴിമതി വർദ്ധിയ്ക്കുവാൻ കാരണമാകുന്നു. ഇവരുടെ കാര്യത്തിൽ T. S. R. ഒരു തിരുത്തുണ്ടായതു നല്ലതാണ്. അതുപോലെതന്നെ ഫോം ഡോം ഗ്രേഡുകളിൽ ഇൻസ്പെക്ടറന്മാരുടെ എണ്ണത്തിൽ കാണുന്ന ക്രമവ്യത്യസ്തത-ഭീമമായ അസമത്വം-ഇല്ലാതാക്കേണ്ടതു പ്രോത്സാഹജനകമാണ്. ഫോം ഗ്രേഡിന്റെ ഇരട്ടി ഡബ്ലും ഡോം ഗ്രേഡിന്റെ ഇരട്ടി സോം ഗ്രേഡിലുമായി ഗ്രേഡ് വ്യത്യാസം നടത്തുന്നതിനും ഈ വകുപ്പുകാര്യം, ശേഷിമാനും വിശാലാശയനുമായ ഇപ്പോഴത്തെ ഇൻസ്പെക്ടർ ജനറലിന്റെ പ്രത്യേക ശ്രദ്ധയ്ക്കു സമർപ്പിക്കുകയും ചെയ്യുന്നു.

Motion No. 282.

MR. K. K. CHELLAPPAN PILLAI: Sir, I move:

"To reduce the total allotment of Rs. 18,24,019 under demand IX by Re. 1.

(To discuss the necessity for the re-organisation of the department to make it more efficient for service to the people.)"

Sir, I have moved this cut motion with the idea of tendering some suggestions in regard to the re-organisation of this Department. I have not much time at my disposal and therefore I do not intend to speak at great length on the reforms that are needed in regard to this Department. There is much to be said about the present state of the police in the country and the way in which it should be re-organised in order to make it a department of efficiency and honesty and loyal service to the people.

I think I have a right to say something about it, I was born and bred up in the Police department, my father being a Police Inspector long since retired and deceased; I am related to the department by marriage: I have close friends and relations in the department and I have been a victim of the service terrorism of the department, sometime in the lock-up. (*laughter*)

Police Department is the one department which is really the judge in the country. A judge of the High Court is a judge of the court only but the police official, whether he be the Constable, Inspector or A. S. P. has to mete out justice between man and man in the country. Therefore, the honesty, the efficiency and the integrity of the Department should be apparent to the people and its activities should conduce to the welfare of the people. But here it has been, throughout, the other way about. Of course, it may be the same in many other countries too, as well as in the provinces of British India as I have known about it. Perhaps it has no exception.

MR. A. K. BHASKAR: On a point of order, Sir; is it relevant to criticise another provincial administration here?

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: He is entitled to do so, but generally he is not expected to do so.

MR. K. K. CHELLAPPAN PILLAI: Sir, what has he said? I did not hear that.

PRESIDENT: The question was whether the honourable member was right in making any reflection on a neighbouring State or Province.

MR. K. K. CHELLAPPAN PILLAI: There was no reflection except on the Police Department (*laughter*) I have that 70 per cent of their work consists in maintaining law and order in the State. But what has this Department done here? Instead of preserving law and order, it has been, generally speaking, a department of disorder and illegality. We have seen instances in which people.....

PRESIDENT: I have no desire to curtail what you wish to say, but we have got only about 35 minutes more for the whole grant and there are a number of honourable members, Mr. Nilakantan, Mr. T. K. Narayana Pillai and Mr. E. K. Madhavan, yet to speak. So I would request you, if possible, to make concrete proposals rather than speaking on anything of an abstract character.

MR. K. K. CHELLAPPAN PILLAI: I should say that, as has been suggested by many of my friends, corruption is prevalent in the Department, and not only has it not been of real service to the people but it has been of disservice. But I am at this point, namely, how to improve the Department. What is noted from the whole tenor of the Department is that they have to maintain a status in Society in the first place. Of course, we know how Police Inspectors and Constables behave in society. Only in the presence of higher officials they behave like meek lambs and cowards. Generally, they go like lions and tigers among all other classes of people and lord over them. They think that they are entitled to do so, which they are not in the least. Still it has to be admitted that they have to keep up a good standard in society and that requires better pay. Now they resort to corruptions for additional income. I do not say that corruption will be rooted out under the present economic and social order by increasing the pay, but I feel that without giving them at least that sustenance which would maintain them in a status similar to their confreres around them, we have no right to punish them. Therefore, I come to this conclusion that the constabulary and the inspectorate should be better paid and then, if they resort to corruption certainly they must be dealt with severely and without mercy.

There is one more point which I want to bring to your notice. Now there is no encouragement given to the Inspectors in the Department. We see from the Civil List that there are 67 Inspectors in the third grade, 6 in the second grade and 5 in the first grade. Generally, graduates are recruited, and the maximum pay obtaining to the men in the first grade is Rs. 225. That is only for five people. How can 67 people expect to get that pay within the period of their long service? They are really discouraged. This feature does not conduce to the

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai]

well being of the department and hence of the State, and the Inspectors necessarily become corrupt, disgruntled and discontented, and spoil the efficiency of the Department. If you can make the second grade consist of at least 25 men and the first grade of at least 15 men, certainly the Inspectors may be right in thinking that they may, one day or other, step on to higher positions and do their work in the best manner possible.

With regard to the new appointment of A. S. P.s, I know, from my personal knowledge, the large volume of work that the A. S. P.s have to cope with, and I therefore feel that this additional staff is necessary. With these words I move the cut motion.

MR. M. K. NILAKANTAN : സർ, ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം പോലീസ് ഡിപ്പാർട്ടുമെൻറ്, ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഡിപ്പാർട്ടുമെൻറുകളിൽ ഒന്നാണ്. മനുഷ്യരുടെ സ്വത്തും, ജീവനും, മാനവും പോലീസിനെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ട് തിരുവിതാംകൂറിലെ പോലീസുഡിപ്പാർട്ടുമെൻറിനെ സമൂലമായ ഒരു പരിവർത്തനം ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളത്. പോലീസുകാണസ്റ്റബിൾമാരുടെ ശമ്പളത്തോത് ഉയർത്തിയും, അവരെ തെരഞ്ഞെടുക്കുന്നതിൽ വിദ്യാഭ്യാസത്തിനു പരിഗണനകൊടുത്തും, അതായത് മേലാൽ സ്കൂൾഫൈനൽ സ്റ്റാൻഡേർഡ് എങ്കിലും വിദ്യാഭ്യാസയോഗ്യതയില്ലാത്തവരെ റിക്രൂട്ട് ചെയ്യുന്നതല്ലാ എന്ന് വ്യവസ്ഥചെയ്തും, ഡിപ്പാർട്ടുമെൻറിനെ പരിഷ്കരിക്കുന്നതായാൽ നമ്മുടെ പോലീസ് ഡിപ്പാർട്ടുമെൻറിന് ശോഭനമായ ഒരു ഭാവി ഉണ്ടാകുമെന്നാണ് എൻറെ വിശ്വാസം. അതുപോലെ പോലീസു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ഉദ്യോഗത്തിൽനിന്നും പിരിഞ്ഞുപോകുന്നതിനുള്ള വയസ്സു നാല്പത്തഞ്ചാക്കി ക്ലിപ്തപ്പെടുത്തേണ്ടതാണ്.

MR. CHAZHIKKATTU JOSEPH: അവർ ഉദ്യോഗത്തിൽ പ്രവേശിക്കേണ്ടതു് എതു വയസ്സിലാണ്?

MR. M. K. NILAKANTAN : നല്ല ആരോഗ്യമുള്ള പ്രായം.

അല്ലാത്തപക്ഷം നാൽപത്തിയഞ്ചുവയസ്സു കഴിയുമ്പോഴേക്കും മോട്ടോർ കാർ കൊണ്ടുവരാൻ പറയും. കുറച്ചുകൂടി കഴിഞ്ഞാൽ, ക്യാൻവാസുകസേരയിൽ കിടന്നുകൊണ്ടായിരിക്കും കേസന്വേഷണം നടത്തുന്നതു്. ഒരു പോലീസുസ്റ്റേഷൻറെ ജൂറിസ്ഡിക്ഷൻ പത്തിരുപതു മൈൽ ഉണ്ട്. ഇവിടെ ജോലി നടത്തുന്നതിനു നല്ല ആരോഗ്യവും, പ്രാപ്തിയുമുള്ള ഇൻസ്പെക്ടർമാരെയാണ് നിയമിക്കേണ്ടതു്. അതുകൊണ്ട് മറ്റുള്ള ഉദ്യോഗസ്ഥന്മാർക്ക് അനുവദിച്ചിട്ടുള്ള വയസ്സു ക്ലിപ്തത്തിൽനിന്ന് ഇവരെ ഒഴിവാക്കി, നാല്പത്തഞ്ചുവയസ്സിൽ കൂടുതൽകാലം ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കുകയില്ല എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ സ്നേഹിതന്മാരിൽ ചിലർ ഇവിടെ പറഞ്ഞതുപോലെ ഇൻസ്പെക്ടർമാർക്കു മേൽപോട്ടുള്ള പ്രമോഷൻ കിട്ടുവാൻ വളരെ അസൗകര്യം ഉണ്ടാകുന്നതുകൊണ്ടു അവർ മിക്കവാറും നിരാശരിതരായിതീരുകയും, ആ പരിതസ്ഥിതിയിൽ കൈക്കൂലി വാങ്ങിക്കുന്നതിന് പ്രേരിതരായിത്തീരുകയും ചെയ്യുന്നു.

സർ, പോലീസുകാരുടെ ഉയർന്നിതക്കുറവുകൊണ്ടു സാധാരണ ജനങ്ങൾക്ക് നേരിട്ടുന്ന ചില അനുഭവങ്ങളെക്കുറിച്ചു രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. പോലീസുകാരുടെ സഹായം സർവ്വസാധാരണമായി വേണ്ടിവരുന്നതു പാവങ്ങൾക്കാണു. അവരുടെ വസ്തുക്കളിൽ ആരെങ്കിലും പ്രവേശിക്കുകയോ, അവക്കപകാശമുള്ള അനുഭവങ്ങൾ മറ്റാരെങ്കിലും കൈവശപ്പെടുത്തുകയോ ചെയ്യുമ്പോൾ പെട്ടെന്നു പോലീസു സ്റ്റേഷനിലേക്കാണു അവർ കുടിപ്പോകുന്നതു്. അവിടെ ചെന്നാൽ ഉടനെ കാർബൺ പേപ്പറിനു പണം കൊണ്ടുചാ, കടലാസു വാങ്ങിക്കൊണ്ടുവാ, കാർപിടിച്ചുകൊണ്ടുവാ എന്നെല്ലാം പറയും. ഇതിനൊന്നിനും നിവൃത്തിയില്ലാതെ വിഷമിക്കുന്ന സാധുക്കളാണു് അവിടെ ചെല്ലുന്നതു്. ഒരു സങ്കടം പറയുവാൻ പോലീസ് സ്റ്റേഷനിലേക്കു പോകുന്നതു എന്തോ ഒരു വലിയ പാപം ചെയ്യുന്നതിന്റെ ഫലമെന്നാണു് സാധാരണജനങ്ങൾക്കു തോന്നുന്നതു്. അതുകൊണ്ടു പോലീസുദ്യോഗസ്ഥന്മാർ കുറെക്കൂടി ന്യായദീക്ഷയോടുകൂടി സാധുക്കളുടെ കാര്യത്തിൽ പെരുമാറുന്നതാണു്.

പോലീസ് ഇൻസ്പെക്ടർമാർ കഴിയുന്നിടത്തോളം ജാതിചിന്തകൾക്കും, മതചിന്തകൾക്കും അതീതരായിരിക്കണം. ഒരു മനുഷ്യൻ ഏതെങ്കിലും വിധത്തിൽ അവന്റെ ജാതിയോടും, മതത്തോടും കൂടി കഴിയേണ്ടവനാണെന്നു ഞാൻ സമ്മതിക്കാം. എന്നാൽ ഔദ്യോഗികമായ പെരുമാറ്റത്തിൽ അയാൾ ഏതെങ്കിലും ഒരു സമുദായത്തെ സഹായിക്കുന്നുവെന്നോ, പ്രോത്സാഹിക്കുന്നുവെന്നോ തോന്നുവാൻ പാടില്ല. ജാതീയമായ ഒരു സംഘടന ഏതെങ്കിലും കാര്യം ഒരു ഇൻസ്പെക്ടരെ അറിയിച്ചാൽ അതിനെപ്പറ്റി നടപടി നടത്തുമ്പോൾ, ജാതീയമായ ഒരു വീക്ഷണകോണം ആ നടപടികളിൽ ഉണ്ടായിരുന്നുകൂടാ. അങ്ങനെ ചിലപ്പോൾ നിഷ്പക്ഷമായ ഒരു നയത്തിൽനിന്നു വ്യതിചലിച്ചുപോകുന്നതായി കാണുന്നു. അതുകൊണ്ടു് നിഷ്പക്ഷപാതിത്വവും, സത്യവും, നീതിയും പരിപാലിക്കുന്നതിനു് മനഃസ്ഥിതിയുള്ള ഉദ്യോഗസ്ഥന്മാരായിരിക്കണം തന്റെ ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരിക്കേണ്ടതെന്നു കാണിച്ചുകൊണ്ടു് ഇൻസ്പെക്ടർ ജനറൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. T. K. NARAYANA PILLAI: The time at my disposal being short, I shall indicate briefly what I have to submit. I fully agree with what has been stated before the House that the pay of the constabulary must be raised. Not only should they be given free quarters but their children should get almost full fee concession and preference should be given to their children in the matter of recruitment to the Police Department other qualifications being equal.

Secondly I have to make one suggestion regarding what has been stated before the House namely that it must be the absolute rule that the Police should not interfere in civil matters. I have nothing to submit against it, but in actual working it will really cause hardship. Let me illustrate myself by an example. A fights in a civil court against B, gets a decree and ultimately obtains possession of the property through court delivery. B contends even after the delivery, that the delivery is only a paper delivery and therefore he would continue his possession of the property. A approaches police authorities and seeks their aid in maintaining his possession. If, for instance, the contention is raised that this dispute is of a civil nature and that therefore the Police should not interfere, then I submit this is an untenable position. If there is an apprehension of breach of peace the interference of police is justified.

That is exactly the case contemplated in Section 143 of the Criminal Procedure Code. My submission is that in cases covered by S. 143 the Police refuse to interfere on ground that the matter is of a civil nature, miscarriage of justice is sure to occur and the Police would be abdicating its elementary duties.

Then again take a case like this. There is a case before the District Magistrate relating to the possession of immovable properties. A gets the verdict in his favour, and possession is delivered over by the First Class Magistrate to A. When A goes to take the yield of the property, B resists. A rushes to the Police and says that his possession must be protected.....

PRESIDENT: There is another side to it. An order passed by a court or the implementing of a decision is one thing and the Police taking upon themselves the adjudication, so to say *prima facie*, of possible and potentional civil ryots between two people is quite another thing.

MR. T. K. NARAYANA PILLAI: As I submitted already, the circular, if one is sent round, is likely to be misunderstood by the subordinates of the Department. I am sorry to state that the law is stupidly administered by them. At any rate the directions are stupidly carried out. I have come across several cases where the Police will not interfere in cases like these. Therefore it is necessary that specific instructions must be given to them as regards the scope of the notification, if any,

MR. P. O. THOMAS: In the instance mentioned by my friend, is not the Magistrate competent to deal with the case?

LIBRARY ARCHIVES Kerala Legislative Assembly

MR. T. K. NARAYANA PILLAI : I shall illustrate what I have said, A gets delivery of possession of property through court, either civil or criminal and when he goes to take the yield from the property, B stops him with drawn knife. A goes to the Police and says "You must give me protection If the Policeman says," "I am not going to interfere in this matter because it is of a civil nature." what is the Police for That is my question.

MR. PULIYOOR T. P. VELAYUDHAN PILLAI: Are these not specific offences under the Penal Code?

MR. T. K. NARAYANA PILLAI: I cannot exactly understand the scope of the question put forward by my learned friend. It may be so when the act is completed. A goes to take the yield, B prevents him. He cuts him with the knife. There it comes under the provision in the Penal Code. But the attempt to prevent A from taking the yield can be expeditiously be disposed of under Summary proceedings. In such cases, miscarriage of justice will result if the Police do not stay his hands. It is absolutely necessary that the instructions should be definite and clear so that the subordinate Police may not misuse the provisions.

Another thing which I have to submit is this. The conduct of the Police, especially the constabulary, towards the citizens is most often unmannerly. Even Police Inspectors and A. S. Ps. do not find their way to behave courteously towards the ordinary citizen. Even the High Court has sent round a circular that in the summons to the parties or witnesses, the expression "[illegible]" should not be used. This vernacular word indicates some sort of low position in life or some sort of degradation. Now in spite of the fact that the courts have changed their form of address, the Policemen, the A. S. Ps, and D. S. Ps even, not to speak of the constables, continue to use the expression even to very respectable citizens. Several respectable citizens even refrain from resorting to the Police when the need arises for them so to do, due to this fear of the likelihood of being insulted by such forms of addresses. This goes on in every part of the country, and I would request the Inspector-General to give proper instructions to his subordinates to treat ordinary citizens with proper courtesy. It has often been said that courtesy begins and ends at the top; it does not come down at all. This is very true of the Police Department. This is a fact noticeable amongst the servants of the State which we, on this side of the House have had to emphasize often and often.

Another thing to which I have to draw the attention of the House is the matter of investigation. It is very shabby in this state. A man goes and gives a First Information Report, that is taken down; thereafter what the Police Officer does is not to investigate the case, but to collect evidence so as to confirm the F. I. R. If information is laid before the Police that A has committed an offence, then evidence is so collected as to show before the Court that A has committed the crime. It may be that A is absolutely innocent, but the attempt is to cook up

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Narayana Pillai.]

evidence and present to Court that A has committed the crime. The investigations are most often stupid and foolish and there is miscarriage of justice. If the Police have to be instructed in any one matter, I submit, it is this. The time being short, I am stopping.

MR. E. K. MADHAVAN : സർ, പോലീസ് ഡിപ്പാർട്ടുമെൻറിലുള്ള താഴ്ന്നതരം ഉദ്യോഗസ്ഥന്മാരിൽ പലരും അനാശാസ്യമായ പല അഴിമതികളും നടത്തിവരുന്നുവെന്ന് ഇവിടെ പല മെമ്പറന്മാരും പ്രസ്താവിക്കയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ മി. കേശവൻനായർ പോലീസ് ഇൻസ്പെക്ടർമാരും കാൺസ്റ്റബിൾമാരും തമ്മിൽ മിക്കവാറും സഹകരിച്ചു പ്രവർത്തിച്ചുവരുന്നതായാണ് കാണുന്നത് എന്നു അഭിപ്രായപ്പെട്ടു. എന്നാൽ എന്റെ താലൂക്കിനെ സംബന്ധിച്ചിടത്തോളം അനുഭവം അതല്ലാ. അവർ തമ്മിൽ വലിയ യോജിപ്പിലാണ് കഴിയുന്നത്. പരസ്പര കൈക്കൂലി വാങ്ങിക്കുന്ന കാര്യത്തിൽ മാത്രമായിരിക്കാം ആ യോജിപ്പ്. പോലീസുകാൺസ്റ്റബിൾമാർ ഹർജികൾ അന്വേഷിക്കാൻ പാടില്ലാ എന്ന് ഇൻസ്പെക്ടർജനറൽ അവർകൾ ഒരു സർക്കുലർ അയച്ചിട്ടുണ്ട്. ആ വിവരം സാധാരണ ജനങ്ങൾ അറിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ലാ. ഈ തക്കം പോലീസുകാർ ഇപ്പോൾ ശരിക്കു ഉപയോഗിക്കുന്നുണ്ട്. അവരുടെ കയ്യിൽ ഏതെങ്കിലും കടലാസുകഷണം വച്ചു കൊണ്ടു സാധുക്കളുടെ അടുക്കൽ ചെന്ന് "നിന്റെ പേരിൽ ഒരു ഹർജിയുണ്ട്. യജമാനൻ വിളിക്കുന്നു" എന്നു പറയും. യജമാനനേ, ഞാൻ പാവമാണ് നിർദ്ദോഷിയാണ് എന്നും മറ്റും പറഞ്ഞു വല്ലതെങ്കിലും കൊടുത്തു കാര്യം തീർക്കുന്നതിനുള്ള ആലോചനയായി. ഇല്ലാ, യജമാനന്റെ അടുക്കൽപോകണം എന്നു പറഞ്ഞു കാൺസ്റ്റബിൾ അവനേയും കൂട്ടി യജമാനന്റെ അടുക്കൽ പോകും. യജമാനന്റെ അടുത്തു ചെന്നാൽ തീർച്ചയായും കൂടുതൽ പണം ചെലവാകേണ്ടതായും വരും. ഇതിലേക്കു ചില നാട്ടുകാര്യസ്ഥന്മാരും ബ്ലോളികളും അടുത്തുകൂടും. ഒടുവിൽ പോലീസുകാരനും ഇൻസ്പെക്ടരുകും, നാട്ടുകാര്യസ്ഥനും, മറ്റും വേണ്ടതു പങ്കുവച്ചുകൊടുത്താൽ കാര്യവും ഒരു വിധത്തിൽ അവസാനിക്കും. പരമാർത്ഥത്തിൽ കാര്യമൊന്നും കാണുകയില്ലതാനും. ഇങ്ങനെയെല്ലാമാണ് ഉത്തരതിരുവിതാംകൂറിലുള്ള എന്റെ താലൂക്കിൽ നടന്നുവരുന്നത്.

ഇവിടെ ചിലർ അക്കിംഗ് ഇൻസ്പെക്ടർമാരെപ്പറ്റി ചിലതെല്ലാം പ്രസ്താവിക്കുന്നതു ഞാൻ കേൾക്കുകയുണ്ടായി. പ്രമോഷൻ കിട്ടാതെ നിരാശരായിത്തീർന്നവരാണ് അവർ. തൻമൂലം ഏതാണ്ട് ത്രിശങ്കുസ്വർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇരിക്കുന്ന അസ്സിസ്റ്റന്റ് ഇൻസ്പെക്ടർമാരെ നിവൃത്തിയുള്ളടത്തോളം വലിയ പട്ടണങ്ങളിലേക്കും, താലൂക്കുകളിലേക്കും അയക്കാതിരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഇവർ ജനങ്ങളെ ഉപദ്രവിച്ചുകൊണ്ടിരിക്കാനേ ശ്രമിക്കുകയുള്ളൂ. നല്ല പാരമ്പര്യമുള്ള പ്രാവിൻസിൽനിന്നു വന്നിട്ടുള്ള ഇൻസ്പെക്ടർ ജനറൽ അവർകൾ പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അഴിമതികൾ കുറയ്ക്കുവാൻ ശ്രമിക്കുന്നുണ്ട്. കുറ്റം കാണിക്കുന്നവരെ അദ്ദേഹം ഒരിക്കലും വെറുതെ വിടുന്നില്ല. ഇതിനകം അനവധി കാൺസ്റ്റബിൾമാരേയും, ഹെഡ് കാൺസ്റ്റബിൾമാരേയും, ഇൻസ്പെക്ടർമാരേയും ഓരോ കുറ്റങ്ങൾക്കായി സസ്പെൻറു ചെയ്യുകയും, ഡിസ്മിസ് ചെയ്യുകയും മറ്റും ചെയ്തു കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇനിയും അഴിമതിചെയ്യുന്ന അനവധി ആളുകൾ ഡിപ്പാർട്ടുമെൻറിൽ ഉണ്ട്. അവരെക്കൂടി കണ്ടു പിടിച്ച് ശിക്ഷിക്കേണ്ടതുണ്ട്. എനിക്ക് അദ്ദേഹത്തോടു പറയുവാനുള്ളത്. അങ്ങനെ ചെയ്തില്ലെങ്കിൽ പോലീസു ഡിപ്പാർട്ടുമെൻറ് ഇനിയും ദിനംദിനം മലിനപ്പെട്ടുകൊണ്ടുതന്നെയിരിക്കും.

ചിലർ പോലീസുകാർ മദ്യപാനികളാണെന്നു പറയുകയുണ്ടായി. അപ്രകാരം മദ്യപാനികളായിട്ടുള്ളവരെപ്പറ്റി എന്തെങ്കിലും പറയുന്നതു വളരെ സൂക്ഷിച്ചുവേണമെന്നിരിക്കുന്നു. അവർക്ക് എതിരായി എന്തെങ്കിലും, എന്തെങ്കിലും പറഞ്ഞാൽ, അതു് അങ്ങനെ പറയുന്നവരുടെ ആരോഗ്യത്തിന് ഹാനികരമായിത്തീരും എന്നാണ് അവരുടെ പല്ലവി. എന്നാലും മദ്യപാനംകൊണ്ട് പോലീസുകാരിൽനിന്നും ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ശല്യം അനുദിനം വർദ്ധിച്ചു വരികയാണെന്നുള്ള സംഗതി ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ലാ. ഇൻസ്പെക്ടർ ജനറൽ അവർകളുടെ കർശനമായ നടപടികൊണ്ട് തലസ്ഥാന നഗരിയിലോ അതിനടുത്തുകിടക്കുന്ന ചില സ്ഥലങ്ങളിലോ ഉള്ള പോലീസുകാർ അഴിമതികൾ ചെയ്യുന്നതിൽ കുറച്ചു ഭയപ്പെട്ടു എന്നു വരാം. പക്ഷേ ഇവിടെനിന്നും ഏതാനും മൈലോളം അകലെ കിടക്കുന്ന എന്റെ താലൂക്കിൽ ഉള്ള പോലീസുകാർക്ക് എന്തു അക്രമവും ചെയ്യുന്നതിനു ഒരു ഭയവും ഇല്ലാതായി തീർന്നിട്ടുണ്ട്.

സർ, എന്റെ താലൂക്കിൽ മൃതുകളി ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. മൃതുകളിക്കുക, കളിപ്പിക്കുക ഇതു രണ്ടും അവിടത്തെ പോലീസുകാരുടെ പ്രധാന തൊഴിലുകളിൽ ഒന്നാണ്. ഞാൻ ഈ സംഗതി ഇൻസ്പെക്ടർ ജനറൽ അവർകളെ അറിയിക്കുകയും അദ്ദേഹം അത

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Mdhavan.]

നെപ്പറ്റി അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കു പോലീസുകാർ ചില പ്രത്യേകകക്ഷികളെ സ്വാധീനപ്പെടുത്തിവച്ചിട്ടുണ്ട്. അവർ മുഖാന്തിരമാണ് ഈ ഒഷ്പ്രവൃത്തികൾ നടത്തുന്നത്.

PRESIDENT: What kind of gambling?

MR. E. K. MADAVAN: ചൂതുവച്ചു കളിപ്പിക്കുക പടംവച്ചു കളിപ്പിക്കുക ഇങ്ങനെ പല തരത്തിൽ ഉണ്ട്.

PRESIDENT: Are constables on active duty doing it?

MR. E. K. MADAVAN: പോലീസുകാർ സാധാരണയായി യൂണിഫാറത്തിൽ നിന്നുകൊണ്ടല്ലാ കളികൾ നടത്തിക്കുന്നത്. ഒരു പക്ഷേ യൂണിഫാറത്തിൽ നിന്നാൽതന്നെ എവിടെയെങ്കിലും പതുങ്ങിനിന്നുകൊണ്ടു മാത്രമെ മറ്റുള്ളവരെക്കൊണ്ടു ചൂതുകളിപ്പിക്കുകയുള്ളൂ. യൂണിഫാറം ഇല്ലാതെ അവർ നേരിട്ടുചൂതുകളിക്കുന്ന അനുഭവവും ഇല്ലാതില്ല. ഞാനും, എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ തോമസ്സുംകൂടി ഇപ്രകാരം ചൂതുകളി നടത്തുന്ന ഒന്നുരണ്ടു കേസ്സുകൾ കാണുകയും ഇൻസ്പെക്ടർജനറൽ അവർകളെ അറിയിക്കുകയും ചെയ്തുകയുണ്ടായിട്ടുണ്ട്. അതേപറ്റി അദ്ദേഹം അന്വേഷണം എന്തെങ്കിലും നടത്തിയതായി എന്നെ ഇതുവരെ അറിയിച്ചിട്ടില്ല.

ഇനി ഒരു സംഗതികൂടി എനിക്കു പറയുവാനുണ്ട്. അതു് ഒരു നാടകമോ സിനിമായോ കാണുന്നതിനുവേണ്ടി കഷ്ടപ്പെടുന്ന ജനങ്ങൾക്ക് അതിനു മുൻപിൽ വച്ചുള്ള മദ്യപാനികളായ ഈ പോലീസുകാരുടെ വഴക്കുകൾകൊണ്ടു സൈരമായി അവ കാണുന്നതിനു സാധ്യമല്ലാ എന്നുള്ളതാണ്. മദ്യപാനം ചെയ്തു മദോന്മത്തരായി കൊട്ടകയുടെ മുൻപിൽ വഴക്കുകൂട്ടുന്ന ഈ പോലീസുകാരെ പിടിച്ചു മാറുകയെന്നുള്ളതാണ്. നാടകം കാണാൻ വരുന്നവരുടെ പ്രധാനജോലി. ഈ ശല്യവും കഴിയുന്നതും വേഗം നിറുത്തേണ്ടതാണെന്നു ഞാൻ ഐ. ജി. യോട് അപേക്ഷിച്ചുകൊള്ളുന്നു.

സർക്കാർ നെല്ലും, അരിയും സൂക്ഷിക്കുന്നതിനും മറ്റുമായി ഇപ്പോൾ റിസർവിൽനിന്നും കുറെ പോലീസുകാരെ നിയമിച്ചിട്ടുണ്ട്. യൂണിഫാറം ധരിക്കാത്ത ഇവർ പോലീസുകാർ തന്നെ ആണോ എന്ന് തന്നെ മിക്കവാറും നിശ്ചയമില്ല. അവിടെയുള്ള മദ്യത്തിൽ ഒരു നല്ല പങ്കും ഇക്കൂട്ടരാണ് തീർക്കുന്നത്. അതുകൊണ്ടു മദ്യഷാപ്പുകാർ ഇവരുടെ ഉറ്റ ചങ്ങാതിമാരാണ്. അതെങ്കിലും ഒരുപറ നെല്ലോ അരിയോ കൊണ്ടുപോകുന്നു

LIBRARY ARCHIVES Kerala Legislative Assembly

കണ്ടാൽ ഇവർ പിടിക്കുട്ടകയായി. അടുത്തു കൊച്ചിരാജ്യം കിടക്കുന്ന തുകൊണ്ടു് ഇവർക്കു ഇങ്ങനെ പിടിക്കുട്ടുന്നതിനു് പറയാൻ തക്കതായ ഒരു ന്യായവുംഉണ്ടു്. ഏതായാലും അവിടെ ആക്കെങ്കിലും കുറെ അരിയേ, നെല്ലോ കടയിൽനിന്നു വാങ്ങി കൊണ്ടുപോകണമെങ്കിൽ ഇവർക്കു പണം കൊടുത്തേതീരു എന്നുള്ള നില വന്നിട്ടുണ്ടു്. ഈ പണം മുഴുവനും മദ്യഷാപ്പുകളിലേയ്ക്കാണു് പോകുന്നതു്. മദ്യഷാപ്പുകളിൽനിന്നും മദ്യപാനംചെയ്തു മദോന്മത്തരായി നേരേ സിനിമ കൊട്ടകയിലേയ്ക്കും നാടകകൊട്ടകയിലേയ്ക്കും പോകുന്നു. അവിടെ ശല്യങ്ങൾ ഉണ്ടാക്കാൻ തുടങ്ങുന്നു. അതുകൊണ്ടു് രാജധാനിയിൽനിന്നും വളരെ അകലെ അധിവസിക്കുന്ന ഞങ്ങളെ ഈ പോലീസുകാരിൽനിന്നും രക്ഷിക്കേണമെ എന്നുള്ള എന്റെ താലൂക്കു നിവാസികളുടെ അപേക്ഷയെ ഞാൻ ഇൻസ്പെക്ടർ ജനറൽ അവർകളെ അറിയിച്ചുകൊള്ളുന്നു.

SRY: T. NARAYANI AMMA:- I beg to support the motion and I do so to draw attention to the fact that no reference of any sort has been made about the Women Police in the Administration Report for 1119. Illustrious reference have been made about this institution and the working of this important reform in important utterances and statements and the progress of this institution is being watched with interest by a large section of the public. In these circumstances I fail to understand why no reference has been made about it. I would have sent an interpellation on the subject if I had got my copy of the Administraton Report in time. In the very instructive and eloquent speech of the Inspector-General.....

PRESIDENT: The House will now adjourn and meet again at 12 noon tomorrow.

The House rose for the day.

S. VAIDYANATHA AIYAR,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly